സെല്ലിന്റെയും പേരിൽ യഥാക്രമം വാക്കാലന്വേഷണത്തിനും വാക്കാലല്ലാത്ത അന്വേഷണത്തിനും ഉത്തരവായിട്ടുള്ളതും സംഭവത്തിൽ കുറ്റാരോപിതനായ പി. സി. 3486 അജിത് കുമാറിനെ മൂന്നുമാസത്തെ തീവ്രപരിശീലനത്തിനായി അയച്ചിട്ടുള്ളതുമാണ്.

(ഡി) ഇതുസംബന്ധിച്ച നടപടിക്രമങ്ങൾ പൂർത്തിയാകാത്തതിനാൽ റിപ്പോർട്ട് ഇപ്പോൾ ലഭ്യമല്ല.

(ഇ) മാധ്യമപ്രവർത്തകരെ ആക്രമിച്ച സംഭവത്തെക്കുറിച്ച് ഒരു ജുഡീഷ്യൽ അന്വേഷണം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

ഫോറൻസിക് ലാബിൽ നടന്ന സ്ഫോടനം

30 [95] *ശ്രീ. എം. കെ. പോൾസൺ മാസ്റ്റർ :*

„ *കെ. ബാബു :*

„ *പി. ടി. തോമസ് :*

ശ്രീമതി ശോഭനാ ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതാനും വർഷം മുൻപ് ഫോറൻസിക് സയൻസ് ലാബിൽ സ്ഫോടനമുണ്ടായപ്പോൾ എത്ര കേസ്സുകളുടെ തെളിവ് സംബന്ധിക്കുന്ന തൊണ്ടിയോ മറ്റ് സാധനങ്ങളോ അവിടെ പരിശോധനയ്ക്കായി സൂക്ഷിച്ചിരുന്നു എന്നറിയിക്കാമോ;

(ബി) ഇതിൽ പ്രമുഖമായ ഏതെല്ലാം കേസ്സുകളെ സംബന്ധിക്കുന്ന തെളിവുകൾ/തൊണ്ടികൾ ഉൾപ്പെട്ടിരുന്നു;

(സി) ഈ സ്ഫോടനത്തെപ്പറ്റി ഇപ്പോൾ സി. ബി. ഐ. അന്വേഷിക്കുന്നുണ്ടോ;

(ഡി) ഈ സ്ഫോടനംമൂലം തെളിവു നശിപ്പിച്ച കേസ്സുകളുമായി ബന്ധപ്പെട്ട ആരുടെയെല്ലാം പേരിൽ സി. ബി. ഐ. അന്വേഷണം നടത്തുന്നുണ്ട് എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ബയോളജി വിഭാഗത്തിൽ 28-ം കെമിസ്ട്രി വിഭാഗത്തിൽ 74-ം ഉൾപ്പെടെ 102 കേസ്സുകളുടെ തെളിവ് സംബന്ധിക്കുന്ന തൊണ്ടി സാധനങ്ങൾ പരിശോധനയ്ക്കായി സൂക്ഷിച്ചിരുന്നു.

(ബി) ഇതിൽ പ്രമുഖമായ കേസ്സുകളെ സംബന്ധിക്കുന്ന തെളിവുകൾ ഒന്നും ഉൾപ്പെട്ടിരുന്നില്ല.

(സി) ഇല്ല.

(ഡി) ബാധകമല്ല.

LIBRARY ARCHIVES Kerala Legislative Assembly